# ചിപ്പ്




HOLY FAMILY HIGHER SECONDARY SCHOOL RAJAPURAM

HOLY FAMILY HIGHER SECONDARY SCHOOL

*DIGITAL MAGAZINE*

# 'ചിപ്പ്'

ചിപ്പ്

## ആമുഖം

രാജപുരം ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റിസിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസ്സിൻ ആണ് ചിപ്പ്.കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവരസാങ്കേതിക രംഗത്ത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കഴിവുകൾ വർദ്ധിപ്പികുന്നതിനും ഈ മാഗസ്സിൻ സഹായമായിട്ടുണ്ട്. മനോഹരമായ ഇ- മാഗസ്സിൻ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ



RINKU JOSE
KITE MASTER



SMITHA PHILIP
KITE MISTRESS

ചിപ്പ്



ആശംസകൾ

പ്രിയ കുട്ടികളേ,

ലിറ്റിൽ കൈറ്റിലെ കുട്ടികൾ ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കുന്നു എന്നറിഞ്ഞതിൽ  വളരെ സന്തോഷം. ഈ ഹൈ-ടെക് യുഗത്തിൽ, ബ്ലാക് ബോർഡും ചോക്കും ദൃഷ്ടിപഥത്തിൽ നിന്നും മറഞ്ഞുകൊണ്ടിരിക്കുന്ന ഈകാലഘട്ടത്തിൽ രാജപുരം ഹോളിഫാമിലി ഹയർ സെക്കണ്ടറിയിലെ കുട്ടികളും സ്മാർട്ട് ആകുന്നതിന്റെ തെളിവിലേയ്ക്കായി  ഈ  ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ എല്ലാ കുട്ടികൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ

Rev.Fr.  Shaji vadakkethotti

**(School manager)**



## ആശംസകൾ

കഴിഞ്ഞ ഒരു വർഷങ്ങമായി രാജപുരം ഹോളി ഫാമിലി ഹയർ സെക്കന്ററിസ്കൂളിൽ ലിറ്റിൽ കൈറ്റിന്റെ ഒരു യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന്പറയുന്നതിൽ ഏറെ അഭിമാനമുണ്ട്. ചുരുങ്ങിയകാലഘട്ടം കൊണ്ട് ഐ.ടി മേഖലയിൽ ഈ കുട്ടികൾക്ക് ഉണ്ടായ പുരോഗതി അത്ഭുതാവഹമാണ്. നാളിതുവരെ ഗെയിംസ് കളിക്കാൻ താൽപര്യം കാണിച്ച കുട്ടികൾ ഇപ്പോൾ ഗെയിംസ് നിർമ്മിക്കാനും, ഷോട്ട് ഫിലിം നിർമ്മിക്കാനും ആനിമേഷൻ ചെയ്യാനും താൽപര്യപ്പെടുന്നു എന്നത് പ്രതീക്ഷാജനകമാണ് .30 കുട്ടികൾ ഉൾക്കൊള്ളുന്ന ഈ യുണിറ്റ് ഒരു ഡിജിറ്റൻമാഗസീൻ തയ്യാറാക്കുന്നു എന്നതിൽ അഭിമാനമുണ്ട്. ഭാവിയുടെ വാഗ്ദാനങ്ങളാണ് നിങ്ങൾ. നിങ്ങൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. ഇതിന് നേതൃത്വം നല്കിവരുന്ന ശ്രീ.റിങ്കു ജോസിനും,ശ്രീമതി. സ്മിതാ ഫിലിപ്പിനും അഭിനന്ദനങ്ങൾ

Sr. BESSY MOL . V .KURIAKOSE
( HEAD MISTRESS)



## ആശംസകൾ

കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മാറുന്നതിന്റെ ഭാഗമായി ,വിവര സാങ്കതിക രംഗത്തിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി രാജപുരം ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിച്ച **ലിറ്റിൽ കൈറ്റ്സ്** ക്ലബ് വളരെ ഭംഗിയായി നടന്നുവരുന്നു എന്നറിയുന്നതിൽ വളരെ സന്തോഷം . കുട്ടികൾക്ക് കൂടുതൽ അറിവ് നേടുന്നതിന് ഇത് സഹായകമാകുമെന്ന് അറിയുന്ന **.ലിറ്റിൽ കൈറ്റ്സിന്റെ** ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസ്സിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

O . J . MATHEW
(P.T.A PRESIDENT)

## ഈ വർഷം നമ്മുടെ വിദ്യാലയത്തിൽ നിന്നും വിരമിക്കുന്ന ഗുരുഭൂതർക്ക് സമർപ്പിക്കുന്നു













ചിപ്പ്



## ഉള്ളടക്കം


- ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ..........................................10
- എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ...............................11
- My friend (poem)........................................................12
- സൗഹൃദം (കവിത)........................................................13
- അവൾ എവിടെ പോയി (കഥ)..........................................15
- കൗതുകം (കവിത).........................................................16
- എന്റെ അമ്മ (കവിത)....................................................17
- ഓർമ്മകളിൽ കൗതുകം(കവിത)........................................18
- Gift of god (poem).......................................................19
- journey of life (poem)..................................................20
- ദുഃഖം (കഥ)..................................................................21
- കൂട്ടുകെട്ട്(കവിത)..........................................................24
- വിധി (കഥ)..................................................................26
- photo..........................................................................28
- My school (poem)........................................................29
- My teacher (poem).......................................................30
- ഞാൻ മലാല (വായനാകുറിപ്പ്)..........................................31
- photo ..........................................................................32
- ventilation of mind (poem)...........................................33
- സ്നേഹത്തിന്റെ വില (കഥ)...............................................34
- സ്നേഹസാഗരം (കവിത)..................................................36
- photo..........................................................................37
- പൂരി കായ്ക്കുന്ന മരം (കഥ) ..............................................38
- Yes ,I am a girl (story)..................................................41
- അദ്ഭുതം (കവിത)..........................................................42
- photo..........................................................................43
- photo..........................................................................44

ചിപ്പ്

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



ചിപ്പ്

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



# My friends

amrutha m.g

My friend is a mirror
That reflects my face.
My friend is a soap
with which I wash my heart.
My friend is a dictionary
Who gives me knowledge.
My friend is a window
Through which I see the world.
My friend is a poem
Where I express my feelings.
My friend is everything for me
from whom I learn to love.

# സൗഹൃദം

അൽന ബാബു
7-c



മഴ പെയ്യും രാവിൽ
അഴകോടെ നീയെന്റെ
അകതാരിൽ നിറഞ്ഞു നിന്ന
അഴകുള്ള ബന്ധമീ

അറിയാതെ എന്നുള്ളിൽ
അനുരാഗ പൂവിടർത്തി
എന്നും അനുരാഗ പൂവിടർത്തി

ഏകയായ് ഒന്നുമില്ലയ് ലോകമാകയാൽ
കൂട്ടിനുണ്ട് ആ കൂട്ടുകാരി
മനസ്സിന്റെ മടിത്തട്ടിൽ എന്നും
ഉറങ്ങുന്ന ആ മായാ കൂട്ടുകാരി
ആ കൂട്ടുകാരിയാണെൻ സൗഹൃദ സന്ദേശ
സംഗീതമായ് എന്നിൽ പ്രതിഫലിക്കുക

എൻ രാഗം നിൻ രാഗം
അനുരാഗമാകുമ്പോൾ
വിടരുന്ന സൗഹൃദ പുഷ്പമായ് മൊട്ടിടുന്ന
ഉണരുന്ന സൗഹൃദം ഉയരുന്ന സൗഹൃദം
ആർത്തു പാടുന്ന സൗഹൃദം

എന്നുമെന്നും എന്നിലൊരു ഓളമായ് എന്നും
ഉറഞ്ഞു തുള്ളും ആകൊച്ചുകുറുമ്പി
ഇടറില്ല ഞാനാകെ      നീയുള്ളപ്പോൾ

ചിപ്പ്

അറിവിന്റെ ലോകമാകെ

നീ ചെന്നെത്തുമോ സൗഹൃദക്കൂട്ടുകാരി

എൻ കണ്ണിലെ ഓരോ തുള്ളിയും

നിൻ കുറുമ്പല്ലയോ

എൻ ചുണ്ടിലേ ഓരോ പുഞ്ചിരിയും

നിൻ വികൃതിയല്ലയോ

ഒരുമിച്ചൊന്നിച്ച് എന്നിൽ

നിന്ന് പറന്ന പോകാതെയും

സൂക്ഷിക്കണെ

ലോകമാകെ പ്രതിഫലിക്കും

ബന്ധമീ സൗഹൃദം സാന്ദ്രമായ സൗഹൃദം

## ചെറുകഥ :

# അവൾ എവിടെ പോയി ?

**Ancitta Vincent 9A**

" ഞാൻ ഇപ്പോ വരാം അമ്മേ"എന്ന് പറഞ്ഞ് ചിന്നു എന്ന് വിളിക്കപ്പെടുന്ന ആ ആറ് വയസ്സുകാരി കൂട്ടുകാരുടെ കൂടെ തന്റെ വീടിന്റെ അടുത്തുള്ള തോട്ടം കടന്ന് കളിക്കാൻ പോയി.തന്റെ കൂട്ടുക്കാരായ അപ്പുവിന്റെയും അമ്മുവിന്റെയും സേതുവിന്റെയും ഉണ്ണിയുടെയും കൂടെയുള്ള ഈകളി അവർ പണ്ടുമുതലേ തുടങ്ങിയതാണ്അങ്ങനെ അവർ കൂട്ടുകാരായി. അയൽവക്കകാരായിരുന്ന അവരുടെ മാതാപിതാക്കൾ തമ്മിലും അടുത്ത ബന്ധം
ഉണ്ടായിരുന്നു. ഒരിക്കൽ അവർ പറഞ്ഞു:ഇത് നമ്മുടെ അവസാന കളിയാണ്, നേരം വൈകിയിരിക്കുന്നു. സാറ്റ് കളിക്കുകയായിരുന്ന സേതു തന്നെ അവസാനം മാത്രമേ കാണാവൂഎന്ന് ആഗ്രഹിച്ച് ചിന്നു ദൂരെയ്ക്ക് ഓടി പോയി. ദൂരെ ദൂരെ പോയ അവൾ എത്തിയത് ഒരു കാനനത്തിലായിരുന്നു. കാനനത്തിന്റെ ഭംഗി അവളെ ഏറെ സന്തോഷിപ്പിച്ചു. ഇടകലർന്ന് വളർന്ന മരങ്ങളും സുന്ദരമായ പൂബാറ്റകളുംപൂക്കളും അവയുടെ മണവും അവളെ എറെ സന്തോഷിപ്പിച്ചു.എന്നാൽ ഈ സമയം എല്ലാവരും ചിന്നുവിനെ തിരഞ്ഞ് നടക്കുകയായിരുന്നു. എല്ലാവരും പരസ്പരം ചോദിച്ചു:"അവൾ എവിടെ പോയി? അവൾ എവിടെ പോയി?" ആ ആറുവയസുകാരിക്ക്
വേണ്ടി നാട് കൈ കോർത്തു,

അന്ന് വൈകിട്ട്ഏഴുമണിക്ക് അവളുടെ പിറന്നാൾ ആഘോഷംനടത്താൻ അവളുടെ മാതാപിതാക്കൾ തീരുമാനിച്ചിരുന്നു.എന്നാൽ?കാട്ടുതീ പോലെ പടർന്ന ആ തിരച്ചിൽ ഒടുവിൽ കാനനത്തിൽഎത്തി.ചിന്നുവാകട്ടെ കാനനത്തിന്റെ ഭംഗിയുംആസ്വദിച്ച് അവിടെ തന്നെ ആയിരുന്നു. കാട്ടിലെത്തിയ അവളുടെ അയൽവാസി പെട്ടെന്ന് തന്നെ അവളെകണ്ടു.അയാൾഉച്ചത്തിൽ വിളിച്ച "ചിന്നുമോളേ " എന്ന നിലവിളികേട്ടാണ് അവൾ തന്റെ മായാലോകത്തുനിന്ന് ഉണർന്നത് ഞെട്ടലോടെ അവൾ അയാളോട് ചോദിച്ചു ചേട്ടനെന്താ ഇവിടെ".എല്ലാം പറയാം എന്ന് പറഞ്ഞ് അയാൾ അവളെ വീട്ടിലെത്തിച്ചു.തന്റെ പൊന്നോമനയെ തിരിച്ചുകിട്ടിയപ്പോൾഅവളുടെ അമ്മയും അച്ഛനും അമ്മച്ചിയും അവളെ ഓടിചെന്ന് കെട്ടിപ്പിടിച്ചു. തങ്ങളുടെ സ്നേഹസമ്മാനമായി അവളെ മനസറിഞ്ഞ് ചുംബിച്ചു. എല്ലാവർക്കും സന്തോഷമായി. എല്ലാവരും അവൾക്ക് ജൻമദിനാശംസകൾനേർന്നു. ഇനി എവിടെക്കും അമ്മയോട് പറയാതെ പോകില്ലന്ന് അവൾ പറഞ്ഞു. തന്റെ ആറാം വയസ്സിൽ നടന്ന ആ സംഭവം അവളുടെ മനസ്സിൽ മായാതെ വർത്തിച്ചു..........

# കൗതുകം

അൽന ടോമി

ഞാൻ ആ കാഴ്ചകണ്ട് കൗതുകത്തോടെ-
യൊന്നു ചിന്തിച്ചു ഇങ്ങനെയും
സൃഷ്ടിയുണ്ടോ ഉരു
മഞ്ഞുമൂടി കിടക്കുന്ന ഈ
പർവ്വതം എനിക്കൊരു-
മാലഖയായി തോന്നും
ആരെയും കൗതുകപ്പെടുത്തുന്ന
ഈ കാഴ്ച കൗതുകം തന്നെ
വെണ്ണ ഉരുകി വീഴുന്നതുപോലെ
മഞ്ഞുരുകുന്ന കാഴ്ച ആരെയും-
കൗതുകപ്പെടുത്തും

## എന്റെ അമ്മ

**അമൃത എം.ജി**

ജീവിതമെന്ന നാടകത്തിൽ
ഞാൻ കണ്ട ആ സ്വപ്നം
മനസ്സിന്റെ കോണിൽ
ഒളുക്കികുട്ടിയപ്പോൾ
സ്വാന്ത്വനമേകി എൻ കൈയ്യിൽ
പിടിച്ച് മുന്നോട്ട് നീക്കിയ
എൻ അമ്മ തന്നെയാണ്
എൻ പ്രിയ സുഹൃത്ത്.
പരാജയത്തിൽ നിന്ന്
വിജയത്തിലേക്ക് നയിച്ച്
പരിശ്രമമെന്ന മാർഗ്ഗത്തിൽ
സഞ്ചരിപ്പിച്ച് എന്റെ
വിജയ വാതിൽ തുറന്നു തന്നു.
എന്റെ ആദ്യ നൃത്തച്ചുവടുകൾ
അരങ്ങേറിയപ്പോൾ
അമ്മയ്ക്കുണ്ടായ ആ സന്തോഷം
എന്റെ കണ്മിഴിയിൽ നിന്ന്
മായാതെ കിടക്കുന്ന ഓർമകളിൽ
ഒന്നായി മായാതെ നിൽക്കുന്നു.

കവിത ;

## ഓർമകളിൽ കൗതുകം

**Ann Riya Abilash**
**6 C**



എന്തൊരു മനോഹരം... എന്തൊരുമനോഹരം....
ഈ പൂന്തോട്ടം എന്നും....
എന്തൊരു മനോഹരം...
പൂന്തോട്ടരാവുകളിൽ പൂമാലചാർത്തുവാൻ
പൂവിരിയും സ്നേഹം
കടിച്ചു മുറുക്കി നാളുകളിൽ
ചിരിച്ചു കളിച്ചു നാളുകൾ...
ഇത് എല്ലാം എല്ലാം....
എന്റെ ഓരോ കൗതുകം മാത്രം
പൂക്കാലം എങ്ങും നിറഞ്ഞു.....
പൂവുകൾ എങ്ങും വിതച്ചു...
ഓരോ ഓർമ്മകൾ എങ്ങും ഉദിച്ചു....
മഴയുടെ കുളിരിനെ വാരി പുണരുവാൻ
മണ്ണിനെ വാരി പുണരുവാൻ ...................
മണ്ണിനെ മാറോട്ട ചേർത്തീടുവാൻ.....
പൂക്കൾ പോലെ നിറഞ്ഞീടുവാൻ........
ആയിരം ആയിരം സ്വപ്നങ്ങളും........
ആയിരം ആയിരം ചിന്തകളും...........
എന്നും ഒഴുകുമെൻ ജീവിതമോഹവും
എങ്ങും നിറഞ്ഞൊഴുക്കും എൻ.............
ഇന്നു ഞാൻ ഓർക്കുന്നെൻ കുട്ടിക്കാലം
കൗതുക നാടകവേദികളും......................
സുന്ദരമായെൻ കുട്ടിക്കാലം.................
പ്രത്യാശയോടെ ഞാൻ നോക്കിനിന്നു.

# GIFT OF GOD

My nature was so beautiful
I can't describe my world with words
It's too beautiful
It's my god creation
It's my gift of god
It is years back....
But now my nature so gloomy
My nature lost it's beauty
Make my nature too bad
I had no words to describe
About it's lost 's of beauty
I love my nature....
But now I am sad of my nature
You're doing lot 's of cruelity to my nature
And my nature complains.

- by miranta saji

# JOURNEY OF LIFE

Life is a journey
we are the travellers.
Life is a drama
We are the actors.
Our journey ends when we die
but our memories never die
It forms a new life again.
Thus life is the gift of god.
Every life has dreams.
Dreams make our life beautiful
Dreams are the steps to success.
So dream as well as act!

BY. Amrutha m.g

# ദു:ഖം

ശ്രുതി .എസ്.കെ
9:D

കൗതുകമുണർത്തിയ പള്ളിമണിനാദത്തിന്റെ ഉത്ഭവദിശയിലേക്ക് അവള് തപ്പിതടഞ്ഞ് എത്തിചേർന്നു. കപ്പ്യാർ കുർബാന മണിയടിക്കുകയാണ്. പെട്ടന്നായിരുന്ന കപ്പ്യാർ അതു ദർശിച്ചത്.അന്ധയായ ഒരു പെൺകുട്ടി മറ്റാരുമാശ്രയമില്ലാകതെ അവിടേക്ക് പ്രവേശിക്കുന്നു.കപ്പ്യാർ അവളെ സന്ധിച്ചു."നീയാരാണ് ?നീ എവിടെനിന്നാണ് വരുന്നത് ?നിന്റെ മാതാപിതാക്കൾ എവിടെയാണ് ?"ഇടറിയ ശബ്ദത്തിൽ അവൾ മറുപടി പറഞ്ഞു ആരാണെന്നു പോലും ഗ്രാഹ്യമില്ലാതെ കപ്പ്യാരോട്:എന്റെ വീടെവിടെയാണെന്ന് എനിക്ക് ഗ്രഹ്യമല്ല.എന്റെ മാതാപിതാക്കൾ ആരാണെന്നും.ചെറുപ്പത്തിൽ അവരുടെ ശബ്ദം കേട്ടതായി ഓർക്കുന്നു.എന്നാൽ പിന്നീടവരെ ഞാൻ കണ്ടിട്ടില്ല.ഞാൻ ഒരു അന്ധയായതിനാൽ.അവരെന്നെ ത്യജിച്ചു.കടത്തിണ്ണയിൽ അന്തിയുറങ്ങിയ നേരത്ത് ഒരു യാചകൻ എന്നെ കൂട്ടികൊണ്ട്പോയി വളർത്തി.അവരായിരുന്ന എന്റെ അച്ഛനും അമ്മയും.കുറേ വർഷങ്ങൾക്കു ശേഷമാണ് ഞാനറിഞ്ഞത് ആ യാചകൻ എന്റെ ആരുമല്ല എന്ന സത്യം.എന്റെ മാതാപിതാക്കളെ എവിടെ നിന്നെങ്കിലും കണ്ടുപിടിക്കാനാണ് ഞാൻ ഇപ്പോൾ ശ്രമിക്കുന്നത്.അവൾ ദീർഘശ്വസം വലിച്ചു.പെൺകുട്ടിയുടെ കഥകൾ കേട്ടപ്പോൾ കപ്പ്യാരിന് അവളോട് സഹതാപമാണുണ്ടായത്.ഉടനെ
തന്നെ കപ്പ്യാർ അവളുടെ കൈകളിൽ പിടിച്ച് പള്ളിവാതിൽക്കൽ കൊണ്ടുനിർത്തി.കുർബാന കഴിഞ്ഞ് എല്ലാവരും പിരിയുന്ന സമയത്തായി കപ്പ്യാർ അവരോടായ് അഭ്യർത്തിച്ചു.“അന്ധയായ അനാഥയായ ഒരു പെൺകുട്ടി എന്റെ അറിവിലുണ്ട്. അവൾക്ക് തുണയായ് ആരുമില്ല. അതിനാൽ ഞാൻ നിങ്ങളോട്
ചോദിക്കുന്നതെന്താണെന്നുവെച്ചാൽ ആ പെൺകുട്ടി നമ്മുടെ പള്ളിയുടെ അനാഥാലയത്തിൽ താമസിപ്പിക്കുമോ? ജനങ്ങളുടെ ഇടയിൽ നിന്ന് എല്ലാവരും

പറഞ്ഞു: പറ്റില്ല. അന്ധയായ ഒരു കുട്ടിയെ നമ്മുടെ അഭിമാനത്തിന് കളംകമാണ്. ഞങ്ങൾ അതിന് സമ്മതിക്കില്ല. ഏവരും ഒറ്റസ്വരത്തിൽ പറഞ്ഞു. ഇതെല്ലാം ഒരു കൂരമ്പുപോലെ അവളുടെ കർണ്ണങ്ങളിലേക്ക് തുളച്ചുകയറി. പ്രതീക്ഷയുടെ മുൾമുനയിൽനിന്നിരുന്ന അവൾ സഹതാപത്തോടുകൂടി അവിടെ നിന്നും മടങ്ങി. പ്രകൃതിയിലെ ഓരോ ശബ്ദത്തിനു പിന്നാലെ അന്ധയായ അവൾ കാടിന്റെ ഉള്ളറയിലേക്ക് പ്രവേശിക്കും തോറും കാട്ടുനായ്ക്കളുടെ ഉള്ളിൽ ആനന്ദത്തിന്റെ തിരയിളക്കം സൃഷ്ടിച്ചു. തന്റെ വാക്കുകളെ തിരസ്കരിച്ച ജനക്കൂട്ടത്തിനു മുന്നിൽ നിന്നും അപമാനത്താൽ കപ്പ്യാർ മടങ്ങി പെൺകുട്ടിയുടെ അടുത്തേക്ക്. നിരാശയായിരുന്ന കപ്പ്യാരുടെ മനസ്സിൽ. താൻ അവളോട് എന്ത് പറയുംഎന്ന ആകുലചിന്ത കപ്പ്യാർ പെട്ടെന്ന് സ്തംഭനായി. എന്നിട്ട് ഭയത്താൽ ഇടറിയ ശബ്ദത്തിൽ സ്വയം പറഞ്ഞു.ആ പെൺകുട്ടി എവിടെ പോയി.കപ്പ്യാർക്ക് എന്തുചെയണമെന്നറിയില്ലായിരുന്നു. പരിഭ്രമത്താൽ അയാൾ അവളെ തിരഞ്ഞ് ഓടാൻ തുടങ്ങി. ടൗണിലും കടത്തിണ്ണകളിലും കുറ്റിച്ചെടികൾക്കിടയിലും ഓടയിലുമായി ഏറെ തിരഞ്ഞു. വിവശനായി ഓടിതളർന്ന്  കപ്പ്യാർ പള്ളിമുറ്റത്തെത്തി. കപ്പ്യാർ മാതാവിനോട് പാർഥിച്ചു. എല്ലാം കാണുന്ന ദൈവമേ ,ആ പെൺകുട്ടിയെ കാത്തുകൊള്ളണമേ. അയാൾ വിലപിച്ചു. അപ്പോഴും വ്യാകുലചിന്തകളിൽ മുഴുകി പള്ളിയിലച്ചൻ പള്ളിക്കുള്ളിലുണ്ടായിരുന്നു. കപ്പ്യാർ പറഞ്ഞ വാക്കുകളും ആ കുട്ടിയുമായിരുന്നു മനസ്സിൽ. അച്ഛൻ കപ്പ്യാരുടെ അടുക്കൽ പോയി. എന്നിട്ട് കുറ്റബോധത്തോടുകൂടി പറഞ്ഞു.എനിക്കറിയാം നിന്റെ വേദന. ആ കുട്ടിയോടുള്ള  സഹതാപവും. നീ നേരത്തെ കുട്ടിയെ അനാഥലയത്തിൽ കൊണ്ടുവരട്ടെ എന്നു ചോദിക്കുമ്പോൾ ജനങ്ങളുടെ അഭിപ്രായത്തെ ഭേതിച്ച് ഞാൻ പറയേണ്ടതായിരുന്നു അവളെ പരിപാലിച്ചോളാമെന്ന്. ഞാൻ നിന്നോട് ക്ഷമ ചോദിക്കുന്നു. നിന്റെ കൂടെ ഞാനുണ്ട്. നീ ആ കുട്ടിയെ ഉടനെ  കണ്ടുപിടിക്കണം. ആ വാക്കുകൾ കപ്പ്യാരിന് ഒരു പ്രചോദനം പോലെ തോന്നി. കപ്പ്യാർ അന്ധയായ പെൺകുട്ടിയെ അന്വേഷിച്ച് നടന്നു. സയാഹ്ന സന്ധ്യയിലെ വിജനത നിറഞ്ഞ വഴിയിൽ കാട്ടുനായിക്കളുടെ ആഹ്ലാദത്തിന്റെ ഓരിയിടൽ  കേട്ട്  അവയുടെ തമ്മിലുള്ള ആക്രമണങ്ങൾ കണ്ട് കപ്പ്യാർ അവിടേക്ക് ഗമിച്ചു. ആ ദൃശ്യം കണ്ട

കപ്പ്യാർ ഏറെ വിഷമിച്ചു. മാറത്തടിച്ചു കരഞ്ഞു. തന്റെ കൺമുന്നിൽ നിന്നും കാട്ടുനായിക്കൾ വലിച്ചുകീറുന്ന ആ അന്ധയായ പെൺകുട്ടിയെ കണ്ട് അയാൾ ഏറെ പശ്ചാതപിച്ചു. അപ്പോൾ തന്നെ പള്ളഇയച്ചന്റെ അടുക്കൽ ചെന്ന് കാര്യം സ്പഷ്ടമാക്കി. അച്ചൻ അന്ധാളിച്ചു നിന്നുപോയി. കണ്ണില് നിന്നും ധാരയായി കണ്ണനീർ വന്നു. ഉടനെ നാട്ടുക്കാരെയും കൂട്ടി കപ്പ്യാരും അച്ചനും അവിടേക്ക് പോയി. നായിക്കളെ ഓടിച്ച് അവളുടെ കീറിമുറിഞ്ഞ മൃതശരീരം എടുത്തു. ജാതിയോ മതമോ നോക്കാതെ അച്ചന്റെ നിർദ്ദേശപ്രകാരം പള്ളിയുടെ പറമ്പിൽ തന്നെ അവളെ അടക്കം ചെയ്തു. കപ്പ്യാരുടെ കണ്ണനീരിനുമുമ്പിൽ നാട്ടുകാരും അച്ചനും പശ്ചാതപിച്ചു. എല്ലാവരും പിരിഞ്ഞുപോയി. കപ്പ്യാർ കുറെ നേരം അവിടെ നിന്നു. അവളുടെ ആത്മശാന്തിക്കായി പ്രാർഥിച്ചു. കപ്പ്യാരിന്റെ സ്നേഹത്തിനു മുന്നിൽ ആ പെൺകുട്ടി അനുഭവിച്ച വേദനയ്ക്കു മുമ്പിൽ പ്രകൃതിയും സാക്ഷിയായിരുന്നു. നൊമ്പരമടങ്ങാത്ത വേദനയുമായി പ്രകൃതിയും കരഞ്ഞു. സ്വർഗത്തിൽ നിന്നും അവൾ അറിഞ്ഞു. തന്നെ ഒരു നിമിഷം കൊണ്ട് സ്നേഹിച്ച കപ്പ്യാരുടെ ഹൃദയവേദന. അവൾ കരഞ്ഞു. ആ കണ്ണനീർ കപ്പ്യാർക്ക് ഒരനുഗ്രഹമായി വർഷിച്ചു. കണ്ണുകാണാത്ത ഒരന്ധയുടെ അനുഗ്രഹം.

# കൂട്ടുകെട്ട്

ശാന്തതയാൽ കവിഞ്ഞത് സൗഹൃദം
എന്നുമെൻ കൂടെയുള്ള സൗഹൃദം
എന്നുമെന്നെ പുണരുന്ന സൗഹൃദം
എനിക്കെന്റെയെല്ലാമെല്ലാമായ സൗഹൃദം

സാന്ദ്രമാണീ ലോകം
ചന്തമാർന്നൊരനുഭവം
ചിന്തയിൽ മുഴുകുന്ന അനുഭവം
കാണിക്കയാമൊരു സൗഹൃദം

സ്നേഹത്തിൻ പൂഞ്ചോലയാകുമെൻ തന്ത്രിയിൽ
സ്നേഹമായ് പുൽകുന്ന സൗഹൃദം
കൂട്ടുരുമായ് ഒത്തുചേരുമൊരന്തരീക്ഷം
ഉള്ളിൽ കുളിരായ് പെയ്തിറങ്ങുമൊരനുഭൂതി

പൂക്കുന്നു കായ്ക്കുന്നു വർണ്ണങ്ങൾ പൂവാൽ
വാടാമലരായ് നിൽക്കുന്ന ശോകം
ഏകയാണെന്ന മനോഭാവമെന്നിൽ നിന്ന
കറ്റീടുന്ന സ്നേഹം

കുളിർതെന്നലായ് പെയ്തിറങ്ങ്ഘുന്ന സ്നേഹം
മധുവായ് മലരായ് പ്രകാശമായ് എന്നിൽ
നിറഞ്ഞൊഴുകുന്ന ഈണം
എപ്പോഴുമെന്നെ പുൽകുന്ന വേണു
വേണുതൻ നാദമായ് പെയ്യുന്നൊരീണം
പൂക്കളമായ് നിറയുന്നൊരോണം
കാൽചിലമ്പുകൾ കിലുങ്ങുന്ന നാദം

എനിക്കെല്ലാമായൊരു ലോകം
സാന്ദ്രമായ ലോകത്തെന്നെ എത്തിക്കുന്ന സ്നേഹം
പൂക്കളിൽ  പുഴകളിൽ നിറയുന്ന സ്നേഹം
മനസ്സിൽ നിറയെ പൂൽകുന്ന സ്നേഹം
സുന്ദരമാം ലോകത്തേക്കെത്തുന്നോരനുഭവം

# വിധി

ഒരു ഗ്രാമത്തിലെ അഞ്ച് കർഷകർ പാടത്തു പണിഎടുത്ത് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.പെട്ടന്ന് ആകാശത്ത് കാർമേഘം ഉരുണ്ടുകൂടുകയും ശക്തമായ ഇടിവെട്ടോടുകൂടിമഴപെയ്യാനും തുടങ്ങുകയും ചെയ്തു.കർഷകർപേടിച്ചുവിറച്ചു പോയി.അവരുടെ ജീവിതത്തിൽ ഇത്രയും വലിയ ഇടിയും മിന്നലും കണ്ടിട്ടുണ്ടായിരുന്നില്ല. അവർ പാടത്തിന്റെ നടുക്കുള്ള ഒരു അരയാലിന്റെ ചുവട്ടിൽ ചെന്നു നിന്നു. അപ്പോൾ ഒന്നാമൻ പറഞ്ഞു. ഇടിമിന്നലുള്ള സമയത്ത് മരത്തിന്റെ ചുവട്ടിൽ നിൽക്കുന്നത് സുരക്ഷിതമല്ല.

എപ്പോൾ വേണമെങ്കിലും മിന്നലേക്കാം.മാത്രമല്ല,ഇടിമിന്നൽ മരണത്തിന്റെ സന്ദേശമാണ് .നമ്മുടെ കൂട്ടത്തിൽ ആരുടെയോ മരണം അടുത്തിട്ടുണ്ട് എന്ന കാര്യം തീർച്ച.അതു കേട്ട് മറ്റുള്ളവർ നിശബ്ദരായി.ഞാൻ പറഞ്ഞു വരുന്നത് അങ്ങനെയാണെങ്കിൽ ആ നിർഭാഗ്യവാനെ കൂടെ കൂട്ടി നമ്മളെന്തിനു നമ്മുടെ ജീവിതം കൂടി അപകടത്തിലാക്കണം, എന്നാണ്. പക്ഷെ, ആ നിർഭാഗ്യവാൻ ആരാണെന്നു നമുക്കെങ്ങനെ മനസ്സിലാക്കാൻ കഴിയും? രണ്ടാമൻ ചോദിച്ചു. അതു കണ്ടുപിടിക്കാൻ ഞാനൊരു ഉപായം പറയാം. നിങ്ങള് സഹകരിക്കാമോ? ഒന്നാമൻ ചോദിച്ചു. മറ്റുള്ളവർ സമ്മതിച്ചു. എങ്ങനെയെങ്കിലും അപകടത്തിൽ നിന്നും രക്ഷപെട്ടാൽ മതിയെൻ അവസ്ഥയിലായിരുന്നു അവർ. അകലെ നിൽക്കുന്ന മരം കണ്ടോ?

ഓരോരുത്തരായി അതിൽ പോയി തൊട്ടിട്ടു വരണം. ശപിക്കപ്പെട്ട മനുഷ്യൻ ഇതിനിടയിൽ മിന്നലേറ്റു മരിച്ചിരിക്കും. എന്താ സമ്മതമാണോ? ഒന്നാമൻ ചോദിച്ചു. മറ്റു നാലുപേരും സമ്മതിച്ചു. പക്ഷെ ഒരു പ്രശ്നം. ആര് ആദ്യം പോകും? തീരുമാനത്തിന് താമസമുണ്ടായില്ല. ഒന്നാമനെ തന്നെ ആദ്യമയക്കാൻ നാലുപേരും കൂടി നിശ്ചയിച്ചു. അയാൾ ഭയന്നു വിളറിപ്പോയി. പക്ഷെ ഒഴിഞ്ഞുമാറാൻ പറ്റുമായിരുന്നില്ല. ഒടുവിൽ അയാൾ ഭയന്നുവിറച്ച് മരം ലക്ഷ്യംമാക്കി നടന്നു. പെട്ടന്നു കണ്ണഞ്ചിപ്പിക്കുന്ന മിന്നൽ പിണരുകൾ വലിയ ശബ്ദത്തോടെ വയലിൽ പതിച്ചു. ഒരു നിമിഷം പ്രകാശം കൊണ്ട് ആർക്കും ഒന്നും കാണാൻ സാധിച്ചിരുന്നില്ല. പക്ഷെ ഒന്നാമനൊന്നും സംഭവിച്ചില്ല. അയാൾ മരത്തിൽ തൊട്ടിട്ട് ആശ്വാസത്തോടെ തിരിച്ചു വന്നു. ഇങ്ങനെ രണ്ടാമനും മൂന്നാമനും നാലാമനും പോയി വന്നു. അവസാനം അഞ്ചാമൻെറ ഊഴമായി. അയാൾ ഭയന്നു തളർന്നുപോയി. മറ്റുള്ളവരുടെ കാലിൽ കെട്ടിപ്പിടിച്ചിട്ട് പൊട്ടിക്കരഞ്ഞു. മറ്റാർക്കും ഇടിവെട്ടേൽക്കാത്ത സ്ഥിതിക്ക് ഞാൻ തന്നെയാണ് ആ ശപിക്കപ്പെട്ടവൻ. എന്നെ മരണത്തിലേക്കു പറഞ്ഞു വിടല്ലേ. നിങ്ങളുടെ ആയുസിൻെറ ബലം കൊണ്ട് ഒരു പക്ഷെ ഞാനും രക്ഷപെട്ടേക്കാം. നിന്നേപ്പോലെ ഒരു ശപിക്കപ്പെട്ടവനുവേണ്ടി ഞങ്ങളുടെ ജീവിതം അപകടത്തിലാക്കാൻ പറ്റില്ല. പൊയ്ക്കോ ഇവിടുന്ന്. നാലുപേരും കൂടിച്ചേർന്ന് അയാളെ തള്ളി മഴയത്തിറക്കി. മറ്റു വഴിയില്ലാതെ അയാൾ വിറക്കുന്ന കാലുകളോടെ മുന്നോട്ട് നടന്നു. പാടത്തിൻെറ നടുക്കെത്തിയതും ശക്തമായ ഒരു ഇടി വെട്ടി. അവിടം മുഴുവനും ചുവന്ന പ്രകാശം കൊണ്ടു നിറഞ്ഞു. അയാൾ ഞെട്ടലോടെ നേരത്തേ നിന്ന മരത്തിൻെറ സമീപത്തേക്ക് ഓടാൻ തിരഞ്ഞപ്പോഴാണ് കണ്ടത് ആ മരം നിന്നു കത്തുന്നു.മറ്റു നാലു പേർ നിന്നിരുന്ന സ്ഥാനത്ത് വലിയൊരു കുഴി മാത്രമേ ഉണ്ടായിരുന്നുള്ളൂ....



Evit sunny

# MY SCHOOL

*Anjana Shaji*
*IX :E*

*My school, my school,*
*Holy family school;*
*It is like a learning pool.*
*We take a dip and we learn,*
*We study and we have fun.*
*My teachers are so kind,*
*No where can you find,*
*Like a mother, like a friend,*
*They teach us guid us till no end...*
*I love my school*

# MY TEACHER

Sharon Saji
*IX F*

**My teacher is loving and caring.**

**Every morning she comes with a smile;**

**Make me forget my mom for a while;**

**She says come little kids, come to me,**

**I will teach you A,B,C and 1,2,3.**

**Thank you teacher for all, you do for me.**

# ഞാൻ മലാല

—വായനാക്കുറിപ്പ്

Anjaly Mariya Salu
*IX F*

പ്രശസ്ത നോവൽ എഴുത്തുക്കാരൻ നിസിൽ ഷറഫന്റെ സമാധാനത്തിന്റെ നോബൽ സമ്മാനം നേടിയ കീഴടങ്ങാൻ മനസ്സില്ലാ-ത്തവരുടെ വിശുദ്ധഗ്രന്ഥമാണ് ഞാൻ മലാല എന്ന നോവൽ.

പാക്കിസ്ഥാന്റെ സ്വത് താഴ്വരയുടെ നിയന്ത്രണം താലിബാൻ ഏറ്റെടുത്തപ്പോൾ അതിനെതിരെ ഒരു പെൺകുട്ടി മാത്രം ശബ്ദിച്ചു.അവളുടെ സ്കൂളിൽ പോകാനുള്ള അവകാശം താലിബാൻ കവർന്നെടുത്തപ്പോൾ വിദ്യാഭ്യാസത്തിന് ആയുധം താഴെ വെപ്പിക്കാൻ കഴിയുമെന്ന് വിശ്വസിച്ച് അവൾ ശബ്ദിച്ചു. അവൾ അതിന് വില കൊടുക്കേണ്ടിവന്നു

സ്കൂൾ വിട്ട് വാനിൽ വീട്ടിലേക്ക് മടങ്ങവേ താലിബാൻ അവരുടെ വാൻ തടഞ്ഞ് അവരിലൊരാൾ അവളുടെ തലയിലേക്ക് നിറയൊഴിച്ചു. എന്നാൽ ഒരു ഫീനിക്സ് പക്ഷിയെ പോലെ അവൾ തിരിച്ച് വന്നു. ഇവളുടെ യുദ്ധക്കളത്തിലെ ജീവൻ മരണ പോരാട്ടങ്ങളെ വളരെയടുത്ത് വായിച്ച് മനസ്സിലാക്കാൻ പറ്റുന്ന രീതിയിൽ സാധാരണക്കാരുടെ ഭാഷയിലാണ് നിസിൽ ഷറഫ് ഈ നോവൽ എഴുതിയിരിക്കുന്നത്.

മലാല പാക്കിസ്ഥാന്റെ മാത്രമല്ല ലോക ജനതയുടെ അഭിമാനമാണ് . ലോകത്തിന്റെ ആകമാനമുള്ള കുട്ടികളുടെ പ്രതീക്ഷയുടെ തിരിനാളമായി എന്നും ജ്വലിക്കട്ടെ മലാല യൂസഫ് സായി എന്ന സമാധാനം പരത്തുന്ന പെൺകുട്ടി


Akshay .k.nair

# VENTILATION OF MIND

ROSHNA SAJI

*The moment you are in ,tension*
*You lose your ,attention*
*Instead of understanding the, situation*
*And finding a ,solution*
*You fall into utter ,confusion*
*Then you feel ,irritation*
*You sap your personal ,relation*
*And lose their ,co-operation*
*This result in ,complication*
*And your health soon needs ,precaution*
*You may even need ,medication*
*All this can be avoided by ,meditation*
*You can even apply it in your ,profession*
*It my heartfelt ,suggestion*
*That you try it out for your stress ,preventation*
*If you understand my ,intention*
*You will know i'am their for your protection*
*In this world of increasing ,tension*
*Please practise meditation*

# സ്നേഹത്തിന്റെ വില

ഒരിടത്ത് മീനു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു . അവളുടെ പപ്പയും അമ്മയും ബിസിനസ്സുക്കാരാണ്.അവർ മീനുവിനെ വേണ്ടപോലെ ശ്രദ്ധിച്ചിരുന്നില്ല. പലപ്പോഴും ഒറ്റപ്പെടലിന്റെ അനുഭവം മീനുവിനുണ്ടായി. നന്നായി പഠിക്കാമായിരുന്ന അവൾക്ക് പഠനത്തിൽ ശ്രദ്ധ കുറഞ്ഞു . തന്നെ നോക്കാത്ത അച്ഛനേയും അമ്മയേയും ഉപേക്ഷിച്ച് അവൾ ഒരു ദിവസം വീട്ടുവിട്ടിറങ്ങി .അവൾ നടന്ന് നടന്ന് ഒരു കാട്ടിൽ എത്തി . അവിടെ ഒരു സ്ത്രീയേ അവൾ കണ്ടുമുട്ടി . ആദ്യം അവരെ കണ്ടോന്ന് ഭയന്നെങ്കിലും പിന്നീടവൾക്ക് ആശ്വാസം തോന്നി . സമയം രാത്രി ആയിരുന്നു .അവൾ പേടിച്ച് വിറച്ച് അവിടെ നില്ക്കുമ്പോൾ ആ സ്ത്രീ അടുത്തു വന്ന് അവളോട് വിവരങ്ങൾ ചോദിച്ചു .ചോദ്യം കേട്ട് അവൾ കരഞ്ഞു പോയി . ആ സ്ത്രീ അവളെ തലോടിക്കൊണ്ട് പറഞ്ഞു "മോളു കരയണ്ട ".ഒരമ്മയുടെ വാത്സല്യത്തോടെ അവർ മീനുവിനെ അവരുടെ വീട്ടിലേക്ക് കൊണ്ടുപ്പോയി . അവിടെ ചെന്ന് സാവധാനം കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി . അപ്പോൾ മീനു പറഞ്ഞു ഞാൻ മംഗലശ്ശേരി തറവാട്ടിലെ കുട്ടിയാണ് .എൻെ പപ്പയും അമ്മയും ബിസ്സിനസ്സുക്കാരാണ് . അവർക്കെപ്പോഴും പണമുണ്ടാക്കാമെന്ന ചിന്തയാണ് . അതിനു വേണ്ടി അവർ എപ്പോഴും മത്സരിക്കുന്നു . ഇതിനിടയിൽ എന്റെ കാര്യം അവർ മറന്നു പോകുന്നു . എന്നെ ഒന്ന് ലാളിക്കാൻ അവർ തയാറായിട്ടില്ല . അതുക്കൊണ്ടാണ് എന്നെ വേണ്ടാത്ത പപ്പയേയും അമ്മേയും വിട്ടിറങ്ങിയത് .ഇതെല്ലാം കേട്ടപ്പോൾ ആ സ്ത്രീയുടെ മനസ്സലിഞ്ഞു. അവർ അവളെ അവിടെ താമസിക്കാൻ അനുവദിച്ചു. മീനു ആ സ്ത്രീയേ അമ്മ എന്ന് വിളിച്ചു തുടങ്ങി . ഇത് കേട്ട് അവർക്ക് സന്തോഷമായി. വീടുകളിൽ വേലയ്ക്കു പോയാണ് ആ അമ്മ ജീവിച്ചിരുന്നത് . ഇതേ സമയം, പപ്പയും മമ്മിയും ഓഫീസിൽ നിന്ന് വന്നപ്പോൾ മീനുവിനെ കാണാനില്ല. അവർ

**എല്ലായിടത്തും അന്വേഷിച്ചു .**

**മീനുവിന് ഒരു മുത്തശ്ശിയുണ്ടായിരുന്നു.കിടപ്പിലാണ്. അവർ മീനുവിന്റെ പപ്പയോടും മമ്മിയോടും പറഞ്ഞു" ഇനി വിഷമിച്ചിട്ട് കാര്യമില്ല പണത്തിൻേയും പ്രശസ്തീയുടേയും പിറകെ പോയ നിങ്ങൾക്ക് അവളെക്കുറിച്ച് ചിന്തിക്കാനോ അവളെ ലാളിക്കാനോ സമയമില്ലായിരുന്നു.**

# സ്നേഹസാഗരം

സ്നേഹസാഗരമമൃതു പൊഴിക്കും
സാന്ദ്രസാഗരമാം സൗഹൃദം
സാന്ദ്രമനോഹര വീചികൾ പാടും
തരുണീകളായൊഴുകും സൗഹൃദം
സ്നഹാഭിലാഷത്തിൻ അനുരാഗമൊഴുകും
സ്വരരാഗമാമൊരു സൗഹൃദം
നിസ്വാർത്ഥ സ്നേഹമാണെന്നും സൗഹൃദം
ഹൃദയത്തിൻ മധുര നൊമ്പരവും
കരയെ കടലൊന്നു തഴുകി വലിക്കുന്ന
സ്നേഹത്തിരയാണീ സൗഹൃദമെന്നും
മനസിനെ മനസൊന്നറിഞ്ഞു തലോടുന്ന
സ്നേഹവീചിയാകുന്ന സൗഹൃദം
കാറ്റിൽ തരുക്കളൊന്നാടിത്തിമിർക്കുന്ന
ആ ബന്ധമാണൊരു സൗഹൃദം
പൂക്കളിൽ വട്ടമിട്ടു പറക്കുന്ന
മരന്ദം നുകരുന്ന പൂവിനെ
ചുംബിച്ചു പാറുന്ന പൂമ്പാറ്റയും
പൂവും പൂമ്പാറ്റയും തമ്മിലായുള്ളൊരു
സ്നേഹാഭിലാഷമാം സാന്ദ്രസൗഹൃദം
ഈ കുഞ്ഞുലോകത്തെ ആകാശമാക്കി
യൊരഭവ രാഗമാണീ സൗഹൃദം
അറിവിൻ മധുരം തേനായീ നുകർ
ന്നൊരാ അനശ്വമാണീ സൗഹൃദം




Jissa shaibu ,4 A

# പൂരി കായ്ക്കുന്ന മരം

sona

ഒരു കർഷകനും ഭാര്യയും ഒരു ജൻമിയുടെ പറമ്പിൽ പണിയെടുക്കുകയായുരുന്നു.അപ്പോൾ മൺവെട്ടി ഒരു ലോഹത്തിൽ കൊണ്ട ശബ്ദം അവർ കേട്ടു.എന്താണത് ?ആകാംഷയോടെ അവർ അവിടുത്തെ മണ്ണ് മാറ്റി നോക്കി.മൂടി കെട്ടിയ ഒരു പിച്ചള കുടം.അവർ ആ കുടം പുറത്തെടുത്ത് തുറന്ന് നോക്കി.അതു നിറ യെ സ്വർണ്ണനാണയങ്ങളായിരുന്നു.ജീവിത കാലം മുഴുവൻ സുഖ മായി ജീവുക്കാനുള്ള വകയായിരുന്നു അതിൽ.ഭാഗ്യ മെന്നല്ലാതെ എന്തു പറയാൻ!

പക്ഷെ ഒരു പ്രശ്നമുണ്ട്.സംഗതി വേറെ ആരും അ റിയരുത്.അറിഞ്ഞാൽ വിവരം ജൻമിയുടെ ചെവിയിലെത്തും. പിന്നെ സ്വർണ്ണം മുഴുവനും അയാൾ കൊണ്ടുപോവുകയും ചെയ്യും. അതുകൊണ്ട് അവർ ആ കുടം ആരും കാണാതെ അവിടെത്ത ന്നെ മണ്ണിട്ടു മൂടിയിട്ടു.

രാത്രിയായപ്പോൾ കർഷകൻ പാടത്തു ചെന്ന് കുടമെടുത്തുകൊണ്ടുവന്നു.പറമ്പിന്റെ ഒരു മൂലയിൽ ഒരു മരത്തിന്റെ ചുവട്ടിൽ അതു കുഴിച്ചിട്ടു.എന്നിട്ട് അയാ ഭാര യോടു പറഞ്ഞു.

"ഈ വിവരം ആരോടും പറയരുതു കേട്ടോ. ജൻമി അറിഞ്ഞാൽ സ്വർണ്ണം മുഴുവനും അദ്ദേഹം കൊണ്ടു പോകും."

" അതു കൊള്ളാം.ഞാനിതരോടെങ്കിലും പറയുമോ? ഞാനത്ര മണ്ടിയാണന്നാണൊ നിങ്ങൾ വിചാരിച്ചത്?."

പക്ഷെ അവൾ ഒരു തികഞ്ഞ മണ്ടിയാണെന്ന് അയാൾക്ക് അറിയാമായിരുന്നു.അവൾക്ക് ഒരു രഹസ്യവും സൂക്ഷിക്കാനുള്ള കഴിവുണ്ടായിരുന്നില്ല.തന്റെ കൂട്ടുകാരികളെ കണ്ടാൽ അവൾ ഉള്ള കാര്യം മുഴുവനും തുറന്നു പറയുമെന്ന കാര്യത്തിൽ അയാൾക്ക് യാതൊരു സംശയവുമുണ്ടായിരുന്നില്ല.ഇതിനെന്താണൊരു പരിഹാരം?അയാൾ തലപുകഞ്ഞാലോചിക്കാൻ തുടങ്ങി.പിറ്റേന്നു വൈകുന്നേരം ഭാര്യ കൂട്ടുകാരിയെ കാണാൻ പോയ തക്കത്തിൽ അയാൾ കുഴിച്ചിട്ടിരുന്ന സ്ഥാനത്തുനിന്ന് പിച്ചളക്കുടമെടുത്ത് അതു കിട്ടിയ സ്ഥാനത്തുതന്നെ തിരിച്ചു കൊണ്ടുവച്ചു.അത് അയാൾ ഭാര്യയെ അറിയിച്ചില്ല.അന്നു രാത്രി ഭാര്യ ഉറക്കമായപ്പോൾ അയാൾ ശബ്ദ്മുണ്ടാക്കാതെ ഗോകമ്പുമാവ് കുഴച്ച് കുറേ പൂരിയുണ്ടാക്കി.അതു മുഴുവനും മുറ്റത്തെ വേപ്പുമരത്തിൽ കെട്ടിയിട്ടു. എന്നിട്ട് ഒന്നുമറിയാത്തപോലെ ചെന്നു കിടന്നുറങ്ങി.

പിറ്റേന്നുരാവിലെ മുറ്റത്തിറങ്ങിയ ഭാര്യ വേപ്പുമരം നിറയെ തൂങ്ങികിടക്കുന്ന പൂരി കണ്ട് അത്ഭുതപ്പെട്ടു വാ തുറന്നു നിന്നു പറഞ്ഞു "ദേ ഇതു കണ്ടോ അത്ഭുതം.നമ്മുടെ വേപ്പുമരത്തിൽ പൂരി കായ്ച്ചിരിക്കുന്നു." ഒന്നും അറിയാത്ത മട്ടിൽ കർഷകൻ മുറ്റത്തിറങ്ങിവന്നു നോക്കി."ഇത് അഞ്ചു വർഷത്തിൽ ഒരിക്കൽ ഇങ്ങനെ കായ്ക്കും.അവസാനം കായ്ച്ചത് നമ്മുടെ കല്യാണത്തിന്റെ തലേ വർഷമാണ്."അയാൾ പറഞ്ഞത് അവൾ അക്ഷരംപ്രതി വിശ്വസിച്ചു.അവൾക്കു വലിയ സന്തോഷമായി. "എന്തായാലും ഇന്നത്തെ കാര്യം കുശാലായി.നോക്കി നിൽക്കാതെ വേഗം മരത്തിൽ കയറി പൂരിയൊക്കെ പറിച്ചെടിക്കുന്നെ"അവൾ ധൃതി കൂട്ടി.അയാൾമരത്തിൽ കയറി പൂരി മുഴുവനും പറിച്ചെടുത്തു.അന്ന് അവർ കുശാലായി ഭക്ഷണം കഴിച്ചു.കർഷകന്റെ കണക്കുകൂട്ടൽ തെറ്റിയില്ല.രണ്ടു ദിവസം കഴിഞ്ഞപ്പോൾ ജൻമി അവരുടെ വീട്ടിൽ അക്രോശിച്ചുകൊണ്ട്ഓടി വന്നു. "എവിടെടാ എന്റെ നിധി"

"ഏതു നിധി?'കർഷകൻ ചോദിച്ചു.

എന്റെ പറമ്പിൽനിന്നു കിട്ടിയ നിധി അതെനിക്കുള്ളതാ.നീയതെവിടെയാണ് ഒളിപ്പിച്ചു വച്ചിരിക്കുന്നത് അത്യാഗ്രഹിയായ ജൻമി ഒച്ചയെടുത്തു."അങ്ങയുടെ പറമ്പിൽ നിന്ന് ഞാൻ ഒന്നും എടുത്തിട്ടില്ല."കർഷകൻ പറഞ്ഞു."എന്നു നീ പറഞ്ഞാൽ മതിയോ?നിന്റെ ഭാര്യതന്നെയാണല്ലോ നാട്ടുകാരോടൊക്കേ പറഞ്ഞത് എന്റെ പറമ്പിൽ പണി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു കുടം നിറയെ നിധി കിട്ടിയെന്ന് .മാത്രമല്ല അത് ഇവിടെയെവിടെയോ രഹ-സ്യമായി കുഴിച്ചിട്ടിരിക്കയാണെന്നും അറിഞ്ഞു." "അങ്ങനെ അവൾ പറഞ്ഞോ എങ്കിൽ നമ്മുക്ക് അവളോട് തന്നെ ചോദിച്ചു നോക്കാം." കർഷകൻ ഭാര്യയെ വിളിച്ചു.

"ദാ നമ്മുടെ ജൻമി പരയുന്ന് കേട്ടോ നമ്മുക്കു നിധി കിട്ടിയെന്നും അത് ഇവിടെയെവിടെയോ കുഴിച്ചിട്ടിട്ടുണ്ടെന്നും.അങ്ങനെ വല്ലതും സംഭവിച്ചിട്ടുണ്ടോ?""അല്ല നിങ്ങളത് ഇത്രയും വേഗം മറന്നോ? നിങ്ങളല്ലെ അത് കൊണ്ടുവന്ന് ആ മരത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ടത്.?" "എന്നായിരുന്നു അത്.?" കർഷകൻ ചോദിച്ചു "അതു മറന്നോ.?ആ വേപ്പുമരത്തിൽ പൂരി കായ്ച്ചതിന്റെ
തലേന്നല്ലെ നമ്മുക്കത് കിട്ടിയത്.?" ഒന്നും അറിയാതെ ജൻമി പകച്ചു നിന്നു. കർഷകൻ പറഞ്ഞു."ഇവൾ പറയുന്നത് വിശ്വസിക്കരുത്" കർഷകനെ സംശയിച്ചതിൽ മാപ്പു ചോദിച്ച് ജൻമി പോയി.

# YES , I AM A GIRL

Aleena Tomy IX F

I am a girl. I have my own dreams which I want to make a reality. I have hopes that are endless. I know I can do it.I know any girl can do anything even without any support.

Girls are the most beautiful and blessed creation of God. It is said that women are to be treated with the most ultimate respect. But as a mater of fact they have absolutely no values in our present society. Girls are always treated as accessories for others purposes. Girls are being hurt,abused,played and much more. Even before a girl is born, she is being killed. No one tries to understand our feeling, views and thoughts.

It's we, who have to fight for our girls, for our sisters. Let's make them know we are strong enough to face the world, and bold enough to fight the world. Let's go against each and every evil practices from which girls are suffering. Let's endenger the devils of the society against women. Let's hold hands together and move...Because, it's time for us to speak or else today or tomorrow we may have to meet with the same fate. Remember when you're killing a girl, you are killing a daughter, a sister, a friend and also a mother too.

"BRING BACK OUR GIRLS"


# അദ്ഭുതം

Kripa Mariya Saji

കൗതുകം നല്ല കൗതുകം
എല്ലാവർക്കും കൗതുകം
അഛനും അമ്മയ്ക്കും കൗതുകം
ആ.......ആ.....അ......അ.....ആ......
എല്ലവർക്കും സന്തോഷമുണ്ടെങ്കിൽ
എല്ലാവർക്കും കൗതുകം
എല്ലാവർക്കും കൗതുകം
ആ....ആ......ആ....ആ.......
അമ്മ നമ്മുക്ക് ഭക്ഷണമുണ്ടാക്കുമ്പോൾ സന്തോഷമില്ല
അങ്ങനെ നമ്മുക്ക് സന്തോഷമാകുന്നു
അങ്ങനെ കൗതുകം ഉണ്ടാകും
ആ.....ആ.....ആ...... ഓ......ഓ.....
കൗതുകം ഉണ്ടാകുമ്പോൾ
എല്ലാവർക്കും സന്തോഷമാകുന്നു
അങ്ങനെ എല്ലാവർക്കും സന്തോഷമായൽ
എല്ലാവരുടെയും മുഖത്ത്
കൗതുകം നിറയും
ആ.......ആ.........ഓ....ഓ.....
നമ്മുക്ക് എറ്റവും
കൂടുതൽ സന്തോഷമുണ്ടാകുമ്പോൾ
കൗതുകം ഉണ്ടാകുമല്ലോ



Akshay .k.nair


കൈ കോർത്ത്
കേരളം
9.E

